ശ്രീ. കെ. പി. നൂറുദ്ദീൻ : ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിൽ നിന്നും ആ വിവരം ഉൾക്കൊള്ളാൻ ഞാൻ തയ്യാറാണ്.

വിറകു ഡിപ്പോകൾ

*242 [263] ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എല്ലാ ജില്ലാ, താലൂക്ക് തലസ്ഥാനങ്ങളിലും വിറക് ഡിപ്പോകൾ സ്ഥാപിക്കുവാൻ നടപടി എടുക്കുമോ ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ എത്ര വിറകു ഡിപ്പോകൾ നിലവിലുണ്ട് ;

(സി) ഹരിജനങ്ങൾക്കും കർഷകത്തൊഴിലാളികൾക്കും മറ്റു പിന്നോക്കക്കാർക്കും വിറകിന് വിലയിൽ ഇളവ് അനുവദിക്കാൻ നടപടി എടുക്കുമോ ?

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ) :

(എ) വിറക് ലഭ്യത കുറവായതിനാൽ ഇപ്പോൾ സാദ്ധ്യമല്ല.

(ബി) സംസ്ഥാനത്ത് സർക്കാർ ഉടമസ്ഥതയിൽ വിറക് ഡിപ്പോകൾ ഒന്നും നിലവിലില്ല.

(സി) സർക്കാർ ഉടമയിൽ വിറക് ഡിപ്പോകൾ നിലവിലില്ലാത്തതിനാൽ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ : പാചകഗ്യാസും വിറകുകളും ലഭിക്കാത്ത പ്രദേശങ്ങളിൽ വീട്ടാവശ്യങ്ങൾക്കുള്ള വിറക്, കൊടുക്കുമായിരുന്നു. ആ മാനദണ്ഡം സ്വീകരിച്ചുകൊണ്ട് പുതിയ വിറക് ഡിപ്പോകൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : മുമ്പ് കേരളത്തിലെ ചില ജില്ലാ തലസ്ഥാനങ്ങളിൽ വിറക് ഡിപ്പോകളുണ്ടായിരുന്നു. ആ വിറക് ഡിപ്പോകളെല്ലാം ഒരു ഘട്ടം കഴിഞ്ഞ് പരിശോധിച്ചപ്പോൾ നഷ്ടത്തിലാണ് പൊയ്ക്കൊണ്ടിരിക്കുന്നത് എന്ന് കണ്ടു. ഇപ്പോൾ നാം ഡിപ്പോകൾ ആരംഭിച്ചാലും ഇഷ്ടംപോലെ വിറക് കൊടുക്കാൻ ഇല്ലാത്തതുകൊണ്ടാണ് അങ്ങനെയൊരു കാര്യം നടക്കാത്തത്.

ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ : വിറക് ഡിപ്പോകൾ തുറക്കാൻ പ്രയാസമാണെന്ന് മന്ത്രി അറിയിച്ചിട്ടുള്ള ഈ സാഹചര്യത്തിൽ വീട്ടാവശ്യങ്ങൾക്കുവേണ്ട വിറക് കൊണ്ടുവരുമ്പോൾ ഫോറസ്റ്റ് ഉദ്യോഗസ്ഥൻമാർ പിടിച്ചുവയ്ക്കുന്നത്. ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതൊഴിവാക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : നിലവിലുള്ള പാസ് വ്യവസ്ഥയനുസരിച്ച് വീട്ടാവശ്യത്തിനായാലും മറ്റാവശ്യങ്ങൾക്കായാലും വിറക് കൊണ്ടുപോകാം. ഇത് ദുരുപയോഗപ്പെടുത്തുന്ന ചില സന്ദർഭങ്ങളിൽ പിടിക്കുന്നുണ്ടായിരിക്കും, കേസ് ഏതാണെന്ന് പ്രത്യേകമായി പറഞ്ഞാൽ അത് പരിശോധിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. ആർ. തങ്കരാജ് : തിരുവനന്തപുരം ജില്ലാ മൊത്ത-വ്യാപാര സംഘം വഴി തിരുവനന്തപുരം സിറ്റിയിലുള്ള ആളുകൾക്ക് കുറഞ്ഞ വിലയ്ക്ക് വിറക് വിതരണം ചെയ്തിരുന്നു. അത് വീണ്ടും തുടർന്നു പോകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. പി. നൂറുദ്ദീൻ : വിറകിനുള്ള പൊതുവായിട്ടുള്ള ക്ഷാമം ഇന്ന് വളരെയധികം വർദ്ധിച്ചിട്ടുണ്ട്. ക്ലിയർ ഫെല്ലിംഗ് വേണ്ടത്രയില്ലാത്തതു കൊണ്ട് വനം വകുപ്പിന്റെ കയ്യിലും വേണ്ടത്ര വിറകില്ലാത്തതുകൊണ്ടാണ് ഇത് പുനരാരംഭിക്കാൻ ബുദ്ധിമുട്ടായിരിക്കുന്നത്.

കൃഷിക്കാരുടെ കാർഷിക കടങ്ങൾ റദ്ദാക്കാൻ നടപടി

*243 [264] ശ്രീ എ. കെ. പത്മനാഭൻ :
,, സി. കെ. തങ്കപ്പൻ :
,, ടി. കെ. ആറുമുഖൻ :
,, കെ. പുരുഷോത്തമൻ :
,, പി. സി. തോമസ് (കുട്ടുത്തുരുത്തി) : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വരൾച്ചയും വെള്ളപ്പൊക്കവുംമൂലം കൃഷിനാശം നേരിട്ടവരുടെ കാർഷിക കടങ്ങൾ റദ്ദുചെയ്യാൻ നടപടി സ്വീകരിക്കുമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : വരൾച്ച ദുരിതാശ്വാസനടപടികളുടെ ഭാഗമായി വരൾച്ചബാധിത പ്രദേശങ്ങളായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള വില്ലേജുകളിലെ ചെറുകിട കർഷകരുടെ കൃഷിവായ്പകളിൽമേലും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളുടെ വികസനവായ്പകളിൻമേലുമുള്ള റവന്യൂ റിക്കവറി നടപടികൾ 31-12-1986 വരെ നിർത്തിവയ്ക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ശ്രീ. എ. കെ. പത്മനാഭൻ : കൃഷിക്കാരുടെ കാർഷിക കടങ്ങൾ ചെറിയ തുകയായി തിരിച്ചടയ്ക്കാൻ സാധിക്കത്തക്കവിധം ദീർഘകാല വായ്പകളാക്കി മാറ്റാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. പി. ജെ. ജോസഫ് : ഇക്കാര്യത്തിൽ സഹകരണവകുപ്പ് കഴിഞ്ഞ കൊല്ലം ചില നടപടികൾ സ്വീകരിച്ചു. ഈ വർഷം അതുസംബന്ധിച്ചുള്ള നടപടികൾ എന്താണെന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു.

ശ്രീ. എ. കെ. പത്മനാഭൻ : 1984 ഒക്ടോബർ മാസത്തിൽ കോഴിക്കോട് ജില്ലയിൽ ഉണ്ടായ ഉരുൾപൊട്ടലിന്റെ ഫലമായി കൃഷിനാശം സംഭവിച്ച കൃഷിക്കാർക്കുള്ള നഷ്ടപരിഹാരം ഇതുവരെ കൊടുത്തിട്ടില്ലെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. പി. ജെ. ജോസഫ് : അന്ന് കൃഷിനാശം സംഭവിച്ചിട്ടുള്ള കുറെ ആളുകൾക്ക് പകരം ഭൂമിയും വീട് വച്ചുകൊടുക്കാനുള്ള ഏർപ്പാടുകളും ഉണ്ടാക്കിയിട്ടുണ്ട്. ബാക്കിയുള്ള കാര്യങ്ങൾ പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly